ശ്രീ. കെ. ടി. അച്യുതൻ : അന്വേഷണത്തിന്റെ കുറവല്ല. അന്വേഷിച്ചാൽ അതേപ്പറ്റിയുള്ള വിവരങ്ങളും കിട്ടുന്നില്ല. ഗവണ്മെന്റിനു നടപടിയെടുക്കണമെന്നുണ്ടെങ്കിൽ അതേപ്പറ്റിയുള്ള വിവരങ്ങളും കിട്ടണം. അതിനുവേണ്ടി പൊതുജനങ്ങളും എം. എൽ. എ. മാരും സഹകരിച്ചു പ്രവർത്തിക്കേണ്ടതാണു്. കൈക്കൂലി വാങ്ങിക്കുന്നു എന്നു പറയുന്നതല്ലാതെ കൈക്കൂലി ഇന്നയാളും കൊടുക്കാൻ ശ്രമിച്ചു, ഇന്നയാളും വാങ്ങിക്കാൻ ശ്രമിച്ചു എന്നുള്ള വിവരം രഹസ്യമായിട്ടു തന്നാൽ തീർച്ചയായും അവരെ കണ്ടുപിടിക്കാൻ വലവയ്ക്കാം.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇന്നു ഗവണ്മെന്റിന്റെ പല ഡിപ്പാർട്ടുമെന്റുകളിലും വിജിലൻസു് കമ്മിറ്റികളും വച്ചിട്ടുള്ളതുപോലെ ആർ. ടി. എ. ആഫീസുകളിലും വിജിലൻസു് കമ്മറ്റികളെ വയ്ക്കാൻ എന്താണു പ്രയാസം,

ശ്രീ. കെ. ടി. അച്യുതൻ : അതു ചെറിയ ആഫീസുകളാണു്. ചെറിയ ആഫീസുകളിൽക്കൂടി വിജിലൻസുകമ്മറ്റികളും വയ്ക്കുക എന്നു വച്ചാൽ അതു ബുദ്ധിമുട്ടാണു്. ഏറെ കൈക്കൂലിയും മറ്റും ഉണ്ടെങ്കിൽ അതു ചെയ്യാം.

ശ്രീ. പി. വി. കുഞ്ഞുണ്ണിനായർ : പല ദിക്കുകളിലും ഈ ആഫീസുകളിൽനിന്നു കാര്യങ്ങളും സാധിച്ചുകൊടുക്കുന്നതിനു കുറെ ഏജന്റന്മാരുണ്ടു്. മന്ത്രിമാർതന്നെ ഒന്നു അന്വേഷിച്ചാൽ ഈ ആളുകളെ കണ്ടുപിടിക്കാം. അങ്ങനെ ഉണ്ടെന്നുകണ്ടാൽ അവരുടെ പേരിൽ നടപടി എടുക്കുമോ :

ശ്രീ. കെ. ടി. അച്യുതൻ : ഞാൻതന്നെ ഒന്നരണ്ടു കൊല്ലങ്ങൾക്കു മുമ്പു ഇതേസംബന്ധിച്ചു രഹസ്യമായ നിലയിൽ അന്വേഷിച്ചു. എന്നാൽ പുറത്തുനിന്നു ഒരു വിവരവും കിട്ടിയിട്ടില്ല. ഞാൻ ഒരാളിനോടു വിവരം നല്കിയാൽ മതി അന്വേഷണം നടത്താം എന്നു പറഞ്ഞു. അങ്ങനെ വിവരം തരാം എന്നു പറഞ്ഞതുമാത്രം. പിന്നെ ആ ആളിനെ കണ്ടിട്ടില്ലാ.

Mr. Speaker : Question No. 10 An identical question has already been answered.

എസ്. എസ്. എൽ. സി. പരീക്ഷാരീതിയിൽ വരുത്തുന്ന മാറ്റം.

* 426. [11] ശ്രീ. എസ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത വർഷം മുതൽ സ്റ്റേറ്റിലെ എസ്. എസ്. എൽ. സി. പരീക്ഷാരീതിയിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്തു മാറ്റമാണു് വരുത്തുവാൻ ഉദ്ദേശിക്കുന്നതു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഉണ്ടു്.

(ബി) 1962–63–ൽ പുതിയ സിലബസു് നടപ്പാക്കി, പുതിയ സിലബസു് നിർദ്ദേശിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും 1964–ലെ പരീക്ഷ നടത്തുന്നതു്. സിലബസിൽ വരുത്തിയ മാറ്റങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റു മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

ശ്രീ. ഈ. പി. ഗോപാലൻ : സിലബസും അതിനെ തുടർന്നു പരീക്ഷാരീതിയിലും മാറ്റംവരുത്തുന്ന പരിതഃസ്ഥിതിയിൽ ആക്കാര്യം ഈ നിയമസഭയുടെ മുമ്പാകെ ഒരു ചർച്ചയ്ക്കു വയ്ക്കാൻ ഗവണ്മെന്റു തയ്യാറാകുമോ ?

ശ്രീ. ആർ. ശങ്കർ : ഈ സിലബസു് മാറ്റുകയും പരിഷ്ക്കരിക്കുകയും ഒക്കെ ചെയ്യുന്നതിനു പ്രത്യേകമായി ഒരു മെഷീനറിയുണ്ടു്. അതു നിയമസഭയിൽ ചർച്ചയ്ക്കു വയ്ക്കുന്ന പതിവില്ല.

† Appendix II.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ : ഈ വിദ്യാഭ്യാസരംഗത്തു ഇന്നു പലതും മാറ്റങ്ങളും വന്നുകൊണ്ടിരിക്കുകയാണു് എന്നുള്ളതിനെ സംബന്ധിച്ചു ശക്തിയായ ആക്ഷേപങ്ങളും ഈ സംസ്ഥാനത്തുണ്ടു്. നിയമസഭയ്ക്കു ഈ ഗവണ്മെന്റിലെ ഉദ്യോഗസ്ഥന്മാർക്കു ശമ്പളം കൊടുക്കുന്ന കാര്യങ്ങളും ആലോചിക്കേണ്ടതായിട്ടു മാത്രമേയുള്ളോ അതല്ലാ ഈ വിദ്യാഭ്യാസവിഷയകമായ കാര്യങ്ങളും ഈ സഭയ്ക്കു ചർച്ചചെയ്യുകുടെ ?

ശ്രീ. ആർ. ശങ്കർ : ചർച്ച ചെയ്യുകൂടാ എന്നു അഭിപ്രായമില്ല. പക്ഷെ, ഇതു ഒരുവിധം സാങ്കേതികമായ കാര്യങ്ങളാണു്. ഈ കോഴ്സുകളുടെ സ്വഭാവം പരിഷ്ക്കരിക്കുക മുതലായ വിഷയങ്ങളും നിയമസഭയിൽ ചർച്ച ചെയ്യുന്നതിനു തരക്കേടില്ല. എന്നാൽ സാങ്കേതികമായിട്ടുള്ള സിലബസും മറ്റും എഴുതി ഉണ്ടാക്കുക എന്നുള്ളതു നിയമസഭയ്ക്കു ചർച്ചാവിഷയമാണെന്നു വിചാരിക്കുന്നില്ല.

ശ്രീ. സി. അച്യുതമേനോൻ : 1962-63-ൽ ഉണ്ടാക്കിയ സിലബസ അനുസരിച്ചു 1964-ലെ പരീക്ഷ നടത്താൻപോകുകയാണെന്നാണു മനസ്സിലാക്കിയതു്. അതിന്റെ അപര്യാപ്തതയെസംബന്ധിച്ചും കുഴപ്പങ്ങളെസംബന്ധിച്ചും വല്ല ആക്ഷേപങ്ങളും കിട്ടീട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : അതേപ്പറ്റി പ്രത്യേകിച്ചു നിവേദനം കിട്ടിയതായി എനിക്കറിവില്ല. ഈ അടുത്തകൊല്ലം എസ്. എസ്. എൽ. സി. പരീക്ഷയ്ക്കു ഇരിക്കുന്നതിനുള്ള ക്ലാസ്സുകളിൽ എലക്ടീവ് സിസ്റ്റം നടപ്പാക്കാൻ ആലോചിക്കുന്നുണ്ടു്. അതിന്റെ വിശദവിവരങ്ങളും ഒന്നും ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ഡൈവേഴ്സിഫൈഡ് കോഴ്സ് അനുസരിച്ചു ഐശ്ചികവിഷയം എടുത്തു പഠിച്ചിട്ടുള്ള വിദ്യാർത്ഥികൾക്കു ഈ നാലു സബ്ജക്റ്റ്സ് പഠിക്കുന്നതിൽ കുറെ കൺസഷൻ അനുവദിച്ചിട്ടുണ്ടായിരുന്നു. ഇപ്പോൾ ഇലക്ടീവ് സബ്ജക്റ്റ്സ് പഠിക്കണമെന്നുവന്നാൽ ആ തരം കുട്ടികളെസംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടുണ്ടാകുകയില്ലേ ?

ശ്രീ. ആർ. ശങ്കർ : എല്ലാ വിഷയങ്ങളും എഴുതണമെന്നാണു വ്യവസ്ഥ ചെയ്തിരിക്കുന്നതെന്നു കാണുന്നു. അതേസംബന്ധിച്ചു പരാതി ഒന്നും ഇതുവരെ വന്നിട്ടില്ല. ഗവണ്മെന്റു അതുസംബന്ധിച്ചു ആലോചിച്ചിട്ടില്ല.

ശ്രീ. കെ. കൃഷ്ണപിള്ള : പരീക്ഷാ സമ്പ്രദായത്തിൽ മാറ്റം വരുത്തുന്നതിന്റെ ഭാഗമായി ഇംഗ്ലീഷിനുള്ള കാസ്റ്റ്യൻ പേപ്പറിനെസംബന്ധിച്ചു ഈ വർഷംതന്നെ മുന്നപ്രാവശ്യം പരസ്പരവിരുദ്ധമായ നിർദ്ദേശങ്ങളും കൊടുക്കുകയുണ്ടായി. ആദ്യമായി ടീച്ചേഴ്സിനു ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനെസംബന്ധിച്ചു നോട്ടുബുക്കു് തയാറാക്കണമെന്നു ഒരു നിർദ്ദേശമുണ്ടായിരുന്നു. അതിനു വിരുദ്ധമായി മറ്റൊരു നിർദ്ദേശം ഈ കഴിഞ്ഞ മാസത്തിൽ ഉണ്ടായിട്ടുണ്ടു്. ഇതിന്റെ ഒക്കെ ഫലമായി പഠിപ്പിക്കുന്ന കുട്ടികൾക്കും ബുദ്ധിമുട്ടിനു കാരണമായിത്തീർന്നിട്ടുണ്ടു്. അതു എങ്ങനെ സംഭവിച്ചു എന്നു് അന്വേഷിക്കാൻ മേലുണ്ടാകുമോ ?

ശ്രീ. ആർ ശങ്കർ : അങ്ങനെ വന്നിട്ടുള്ളതായി ഇതുവരെ ഗവണ്മെന്റിനു അറിയാൻ പാടില്ലാ. യഥാർത്ഥത്തിൽ അങ്ങനെ സങ്കടമുണ്ടായിട്ടുണ്ടോ എന്നു അന്വേഷിക്കാം.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ഫസ്റ്റു ലാംഗ്വേജിനു 200 മാർക്കു വാങ്ങണമെന്നുണ്ടായിരുന്നതു ഇപ്പോൾ 100 മാർക്കു മതി എന്നു് ഒരു ഉത്തരവുണ്ടായിട്ടുള്ളതിന്റെ കാരണംമെന്താണു്. ഇതു വിദ്യാർത്ഥികളെസംബന്ധിച്ചിടത്തോളം അവരുടെ മാതൃഭാഷയെ സംബന്ധിച്ചുള്ള പരിജ്ഞാനം കുറയ്ക്കാൻ ഇടയാക്കുകയല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : ഈ ഗവണ്മെൻറു അങ്ങനെ നിർദ്ദേശം കൊടുത്തതനുസരിച്ചു ചെയ്തിട്ടില്ല. നേരത്തെയുള്ള ആലോചനയുടെ ഫലമായി അങ്ങനെ പെയ്തിരിക്കുന്നതാണു്. ഏതായാലും നൂറായിരുന്നാലും ഇരുനൂറായിരുന്നാലും അതിൽ എത്ര ശതമാനം വാങ്ങി എന്നുള്ളതാണു്. അതു ഇരുനൂറായാലും വലിയ പ്രാധാന്യമുണ്ടെന്നു തോന്നുന്നില്ല.

ചവറ പ്രീമോ പൈപ്പ്ഫാക്റ്ററി.

* 427. [14] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചവറ പ്രീമോ പൈപ്പ്ഫാക്റ്ററി കേരള സർക്കാർ എന്നാണു് ഏറ്റെടുത്തതു് ;

(ബി) സർക്കാർ ഏറ്റെടുക്കുമ്പോൾ എത്ര ദിവസക്കൂലിക്കാരും മാസശമ്പളക്കാരും ഉണ്ടായിരുന്നു ;

(സി) 1963 ഡിസംബർ 31-ാംതീയതിക്കകം എത്ര ദിവസക്കൂലിക്കാരെ കൂട്ടതലായി എടുത്തിട്ടുണ്ടു് ; എടുത്തിട്ടുള്ള കൂലിക്കാരെ എന്തു മാനദണ്ഡത്തിലാണു് എടുത്തതു് :

(ഡി) ആരാണു് ഇവരെ തിരഞ്ഞെടുത്തതു് ;

(ഈ) ഇന്നു ഫാക്റ്ററി നടത്തിപ്പിനുള്ള ചുമതല ഗവണ്മെൻറിനുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 1-9-1959-ൽ.

(ബി) 120 ദിവസക്കൂലിക്കാരും, 15 മാസശമ്പളക്കാരും ഉണ്ടായിരുന്നു.

(സി) 85 ദിവസക്കൂലിക്കാരെയും, 23 മാസ ശമ്പളക്കാരെയും 149 ക്യാഷ്വൽ വക്കേഴ്സിനെയും എടുത്തിട്ടുണ്ടു്. ഇവരെ ഇൻറർവ്യൂ നടത്തിയാണു് എടുത്തിട്ടുള്ളതു്.

(ഡി) ജനറൽ സൂപ്രണ്ടും, ജനറൽ ഫോർമാനും, ചീഫ് അക്കൗണ്ടൻറും ഉൾപ്പെട്ട ഒരു കമ്മറ്റിയാണു് ഇവരെ ഇൻറർവ്യൂ നടത്തിയതു്.

(ഈ) ഫാക്റ്ററി നടത്തിപ്പിനുള്ള ചുമതല ബോർഡു് ഓഫ് ഡയറക്ടേഴ്സിനാണു്. ഗവണ്മെൻറിൻറെ മേൽനോട്ടവും ഉണ്ടു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : എംപ്ലായ്മെൻറ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ളവരെ തന്നെയാണോ തെരഞ്ഞെടുത്തിട്ടുള്ളതു് ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: ഇതിനകത്തു ആകെ 149 പേരെയാണു് ആവശ്യമുണ്ടായിരുന്നതു്. അതിനുവേണ്ടി 800 അപേക്ഷകരുണ്ടായിരുന്നു. അതിൽ മുന്നൂറുപേരെയാണു് ഇൻറർവ്യൂവിനു വിളിച്ചിരുന്നതു്. അതിൽനിന്നുമാണു് ഇത്രയുംപേരെ തെരഞ്ഞെടുത്തതു്. ഈ 149 പേരെ എടുത്തിട്ടുള്ളതിൽ 29 പേരെ മുമ്പു പിരിച്ചുവിട്ടിട്ടുള്ളവരാണു്.

ശ്രീ. ടി. കൃഷ്ണൻ: 10-7-63-ൽ ബോർഡ് ഓഫ് ഡയറക്ടേഴ്സ് ഇവരെ തിരഞ്ഞെടുത്തുകഴിഞ്ഞതിനുശേഷം കമ്പനിയിലെ ഒരുദ്യോഗസ്ഥൻ അന്നു വൈകിട്ടതന്നെ പത്തുപേരെക്കൂടി എടുക്കുകയുണ്ടായി എന്നുള്ള കാര്യം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: അങ്ങനെ ശ്രദ്ധയിൽപെട്ടിട്ടില്ല. ഇതു 1963-ൽ അവസാനമായിട്ടു പരസ്യംചെയ്തതനുസരിച്ചു, അതിനുതന്നെ കൂടുതൽ അപേക്ഷകരുണ്ടായിരുന്നതുകൊണ്ടു ഒരു പ്രിലിമിനറി സെലക്ഷൻ നടത്തി അതിനകത്തുനിന്നും മുന്നൂറുപേരെ ഇൻറർവ്യൂവിനു വിളിക്കുകയാണുണ്ടായതു്.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II

[*Please see answer to starred question* 426 (11)]

STATEMENT

S. S. L. C. Examination—Important changes in the Scheme of Examination

1. The maximum marks allotted for the I Language (Malayalam) is 100 instead of 200. Thus the total marks of the I Language will be on a par with that for the other lauguages and subjects.

2. There will be two papers of 2 hours duration each for the Core Subjects, viz. Mathematics, General Science and Social Studies instead of the present one paper of 2 hours duration. The students will therefore have to be thorough with the entire portions. This would help in minimising chance elements in deciding the promotion of candidates. There will be no demarcation of portions for the two papers.

The students who took electives under the diversified course who enjoyed so far concessions in portions for study in Core Subjects will have to study the whole portion just like the other students. However they will be exempted from the II part under language papers.

4. In setting the question papers, it has been the practice so far to give too much importance to rote learning and memorization. It is proposed to increase the number of objectives based on objective questions so that subjectivity in setting of questions and scoring could be eliminated. In English new types of comprehension tests instead of tereotyped essays will be included in the question papers.

LIBRARY ARCHIVES Kerala Legislative Assembly